# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5507 27.03.2018-ൽ മറുപടിയ്ക്ക്.

### തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളും പ്രോജക്റ്റുകളും

| ചോദ്യം<br><br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. കെ. രാജൻ<br>ശ്രീ.എൽദോ എബ്രഹാം | | മറുപടി<br><br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രാദേശിക വികസനത്തിന് ഊന്നൽ നല്കിക്കൊണ്ട് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രധാന പരിഗണന നല്കുന്ന മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | പതിമൂന്നാം പദ്ധതിയുടെ പ്രധാന പരിഗണന നല്കുന്ന മേഖലകൾ ചുവടെ ചേർക്കുന്നു.<br>• പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെ പിടിക്കുന്ന, സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലത്തിലേക്ക് കേരളത്തെ എത്തിക്കുക<br>• പൊതുജനാരോഗ്യ-പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ മികവുറ്റതാക്കുക<br>• ഉന്നതവിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണ്യത്തിനും ഉയർന്ന പരിഗണന നൽകി മനുഷ്യ വിഭവ ശേഷിയുടെ സാധ്യത വലിയ തോതിൽ ഉയർത്തുക.<br>• മണ്ണും ജലവും ഇതര പ്രകൃതി വിഭവങ്ങളും കൃഷിയും സംരക്ഷിക്കുക<br>• മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക<br>• ഭൂരഹിതവും, ഭവനരഹിതരും അഗതികളുമില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക<br>• കേവല ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക |

| | | | |
|---|---|---|---|
| (ബി) | തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെയും പ്രോജക്ടുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതി പ്രോജക്ടുകളുടെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരണത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ കൂടുതൽ വിദഗ്ധരെ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2017-18 വർഷം മുതൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ വിദഗ്ധന്മാരെ കൂടി ഉൾപ്പെടുത്തി ആസൂത്രണ സമിതികൾക്ക് രൂപം നൽകുകയുണ്ടായി. ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ജില്ലാ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ എല്ലാ ജില്ലകളിലും വിദഗ്ധരുടെ സേവനം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ സംസ്ഥാന-ജില്ലാ തലത്തിൽ സന്നദ്ധ പ്രവർത്തനത്തിന് തയ്യാറായുള്ള വിദഗ്ധരുടെ പാനലിനു രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | പ്രാദേശിക സർക്കാരുകളും മേൽത്തട്ടിലുള്ള സർക്കാരുകളും വകുപ്പുകളും തമ്മിൽ മെച്ചപ്പെട്ട ഏകോപനം സാധ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | പ്രാദേശിക സർക്കാരുകളും വകുപ്പുകളും തമ്മിൽ ഏകോപനം സാധ്യമാക്കുന്നതിനുള്ള ഉപകരണമാണ് ജില്ലാ പദ്ധതി. പതിനാലു ജില്ലകളിലും ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ലൈസൻസ് ഫീസ് പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സഹായകരമാകുന്നതാണ്. കൂടാതെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് 5-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ നികുതി പിരിവ് പൂർണ്ണമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ